

# വിമോചിതയുടെ ആകാശം

ഫോട്ടോ :ഡോ. പി.എസ്. ഉണ്ണികൃഷ്ണൻ

ഇന്ദിര

സ്ത്രീ ഒറ്റയ്ക്ക് പാർത്താൽ - അവൾ വിവാഹിതയായാലും വിധവയായാലും അവിവാഹിതയായാലും വിവാഹമോചിതയായാലും കുഴപ്പമാണ് എന്നാണ് സമൂഹം പറയുന്നത്. കുഴപ്പത്തിൽ ഏറ്റക്കുറച്ചിലുണ്ട്. വിവാഹിതയ്ക്ക് അകലെയാണെങ്കിലും ഒരു ഭർത്താവുണ്ടല്ലോ. ഭാര്യയുടെ ചാരിത്ര്യശുദ്ധിയിൽ അയാൾക്ക് സംശയമുണ്ടാവാം. അതുകൊണ്ട് മറ്റുള്ളവർക്കാശ്വാസമുണ്ട്.

വിധവയോട് ജനത്തിന് സഹതാപമുണ്ടാവാം. അവൾ ഭർത്താവിന്റെ മരണത്തിൽ ദുഃഖിതയായിരിയ്ക്കണമല്ലോ.

അവിവാഹിതയ്ക്ക് വിവാഹക്കമ്പോളത്തിൽ മാറ്റുതെളിയിയ്ക്കേണ്ടതുണ്ടല്ലോ. അവിടെ വെച്ച് അവളെ പിടികൂടാം.

വിവാഹമോചിതയാണ് ഏറ്റവും കുഴപ്പം പിടിച്ചവൾ. അവൾ പുരുഷ സുഖമറിഞ്ഞവളാണ്. ഭർത്താവിനെ ഉപേക്ഷിയ്ക്കാൻ തക്ക ചങ്കൂറ്റമുള്ളവളാണ്. അല്ലെങ്കിൽ ഭർത്താവുപേക്ഷിയ്ക്കാൻ തക്ക പിഴവുകളുള്ളവൾ. ഏതായാലും അവൾ സദാചാര പരതന്ത്രയാവില്ലെന്ന് സമൂഹത്തിന് തീർച്ചയാണ്. അവൾ വെറുതെയിരുന്നാലും കഥകളുണ്ടായിക്കൊള്ളും. അവൾ പ്രകോപിപ്പിയ്ക്കുകയോ പ്രലോഭിപ്പിക്കുകയോ ചെയ്താലത്തെക്കഥ പറയുകയും വേണ്ട.

എന്റെ ജീവിതം ഇങ്ങനെത്തന്നെയാണ്. പക്ഷേ, സമൂഹം എന്തു പറഞ്ഞെന്നെ നിന്ദിയ്ക്കുന്നു എന്ന് ഞാൻ അറിയാറില്ല. ആരും നേരിട്ടൊന്നും പറയാറില്ല. സുഹൃത്തുക്കൾപ്പോലും ഒന്നും പറഞ്ഞുതരാറുമില്ല. എന്നെപ്പറ്റിയുള്ള കഥകൾ ഏറ്റവും ഒടുവിൽ അറിയുന്നത് ഞാനാണ്. നല്ല കാര്യം.

എന്നാലും നഷ്ടങ്ങളെനിയ്ക്കുമുണ്ട്. ആൺസുഹൃത്തുക്കളും പെൺസുഹൃത്തുക്കളും എനിയ്ക്ക് അതിർവരമ്പിടുന്നു. സ്ത്രീകൾ ഭർതൃസമേതകളായിരുന്ന്, ഒറ്റയാളായ എന്നെ ഒഴിവാക്കുന്നു. പുരുഷൻമാർക്ക് എന്നെക്കൂട്ടാൻ നിവൃത്തിയുമില്ല. അവരുടെ ഭാര്യമാർക്ക് അതിഷ്ടമാവില്ലല്ലൊ. അതുകൊണ്ട് ഞാൻ ഒറ്റയ്ക്ക് പാർക്കുന്ന ഇടത്തേയ്ക്ക് കടന്നു വരേണ്ടി വരുമ്പോൾ അവർ തുണ കൂട്ടിയിട്ട് വരുന്നു. ഒറ്റയ്ക്ക് വന്നിട്ട് ദുഷ്പേരുണ്ടായാലോ ?

(ആരുടെയെങ്കിലും രഹസ്യമോഹങ്ങളെക്കുറിച്ച് ഞാൻ പറയാനുദ്ദേശിയ്ക്കുന്നില്ല. അത് അവരുടെ പക്കൽത്തന്നെയിരിയ്ക്കട്ടെ.)

ആരുടെയും വീട്ടിലേക്ക് ഞാൻ പോകാറുമില്ല. ഞാൻ നിമിത്തം ഇനിയൊരു കുടുംബകലഹമുണ്ടാവരുതല്ലൊ. വീട്ടിനു വെളിയിൽ സൗഹൃദത്തോടെ പെരുമാറുന്ന പുരുഷസുഹൃത്ത് വീട്ടിനകത്ത് എന്നോട് അകലം പാലിയ്ക്കുകയും ഭാര്യയുടെ കൂടെ എന്നെ അകത്തേയ്ക്കയയ്ക്കുകയും ചെയ്യുമ്പോൾ എനിയ്ക്ക് നിന്ദതോന്നും. കുടുംബങ്ങൾ സമ്മേളിയ്ക്കുമ്പോൾ പുരുഷസഹപ്രവർത്തകർ ലോകകാര്യങ്ങൾ പറഞ്ഞുകൊണ്ട് സംഘം ചേരുമ്പോൾ ഞാൻ കുടുംബകാര്യങ്ങൾ പറഞ്ഞുകൊണ്ട് അവരുടെ ഭാര്യമാരുടെ കൂടെ ചേരണംപോൽ. നടന്നതുതന്നെ.

## സ്ത്രീ-പുരുഷൻ : ഒറ്റയ്ക്ക്/തനിച്ച് താമസിക്കരുത് !?

കോളമിസ്റ്റും ചെറുകഥാകൃത്തും സി-ഡിറ്റിൽ പ്രൊഡ്യൂസറുമായ ശ്രീബാല കെ. മേനോൻ കേരളത്തിന്റെ പൊതുസമൂഹത്തിൽ നിന്ന് തനിക്കുണ്ടായ തിക്താനുഭവത്തെ ഇങ്ങനെ വാക്കുകളിൽ പകർത്തി.

"ചാട്ടയടിക്കു നിന്നു കൊടുക്കാൻ തയ്യാറല്ലാതിരുന്നതുകൊണ്ട്, ഏതാണ്ടൊരു ഭ്രഷ്ടിന്റെ വക്കിലാണു ഞാനിപ്പോൾ.

കുറ്റം : അവിവാഹിതയായ ഞാൻ തനിച്ചൊരു ഫ്ളാറ്റ് വാടകക്കെടുത്ത് താമസിക്കുന്നു.

ഭ്രഷ്ട് !! സ്ത്രീക്കെതിരെ അവസാന ആയുധം. ഒന്നുകിൽ അവർ പറയുംപടി ജീവിക്കാം, അതല്ലെങ്കിൽ ഭ്രഷ്ടാക്കും. ഇതു രണ്ടുമല്ലാതെ തങ്ങളിലൊരാളായി കാണാൻ മനസ്സില്ല !"

കേരളത്തിലെ പൊതുസമൂഹം അതിന്റേതായ ചില ചിട്ടവട്ടങ്ങളും നിയമങ്ങളും സൃഷ്ടിച്ചു വച്ചിരിക്കുന്നു. പൗരന്റെ മൗലികാവകാശങ്ങളെപ്പോലും ചവുട്ടിമെതിക്കുന്ന ഇത്തരം നാട്ടാചാരങ്ങൾക്ക് നിങ്ങളും (പുരുഷൻ/സ്ത്രീ) ഇരയായിട്ടുണ്ടാകും. 'കേരളീയ' വുമായി അത് സ്വതന്ത്രമായി പങ്കുവയ്ക്കുക.

എഴുതുക : കേരളീയം, കൊക്കാലെ, തൃശൂർ-21. ഫോൺ : 0487-2991016/2421385